## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6096** **20.11.2019-ൽ മറുപടിയ്ക്ക്**

## സ്വകാര്യമേഖലയിൽ പട്ടിക വിഭാഗങ്ങൾക്ക് തൊഴിൽ സംവരണം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | ആധുനിക തൊഴിൽ മേഖലയിൽ പട്ടികവിഭാഗങ്ങളുടെ പങ്കാളിത്തം വളരെ കുറവാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (എ) | ആധുനിക തൊഴിൽ മേഖലയിൽ പട്ടിക വിഭാഗങ്ങളുടെ പങ്കാളിത്തം വളരെ കുറവാണെന്ന വസ്തുത പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. |
| (ബി) | സ്വകാര്യ മേഖലയിൽ ഈ വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താത്തത് ആധുനിക തൊഴിൽ മേഖലയിൽ പങ്കാളിത്തം കുറയുവാൻ ഇടയായിട്ടുണ്ടോ; | (ബി) | സ്വകാര്യ മേഖലയിൽ ഈ വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താത്തത് ആധുനിക തൊഴിൽ മേഖലയിൽ പങ്കാളിത്തം കുറയുവാൻ ഇടയായിട്ടുണ്ട്. |
| (സി) | സ്വകാര്യമേഖലയിൽ പട്ടികവിഭാഗങ്ങൾക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | വിവിധ തൊഴിൽ മേഖലയിലെ പ്രവർത്തനങ്ങൾ പഠിച്ചും വൻകിട കോർപ്പറേറ്റുകളുമായി ധാരണയിലെത്തിയും പട്ടിക വിഭാഗങ്ങൾക്ക് ആവശ്യമായ നൈപുണ്യം നൽകി പ്രസ്തുത സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ഡി) | വിവിധ തൊഴിൽ മേഖലയിലെ പ്രവർത്തനങ്ങൾ പഠിച്ച് കോർപ്പറേറ്റുകളുമായി ധാരണയിലെത്താൻ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ പട്ടിക ജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് വേണ്ടി വിവിധങ്ങളായ Skill improvement പരിശീലന കോഴ്സുകൾ നടത്തി സ്വകാര്യമേഖലയിൽ ജോലി ഉറപ്പുവരുത്തുന്ന പ്ലെയ്സ്മെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>പട്ടികജാതിക്കാർക്ക് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, Food Production Course, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യതയുള്ള |

| | | | |
|---|---|---|---|
| | | | NEP/ FNEP/ IELTS, ANEP, OET പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു. Expression of interest മുഖേനയാണ് പരിശീലനത്തിന് യോഗ്യരായ ഏജൻസികളെ കണ്ടെത്തുന്നത്.<br>2019-20 സാമ്പത്തികവർഷം പട്ടികവർഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി എന്ന ലക്ഷ്യം നേടുന്നതിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും കേരളത്തിനുപുറത്തുമുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി 1725 വിദ്യാർത്ഥികൾക്ക് വിവിധ അംഗീകൃത സ്ഥാപനങ്ങളായ നാഷണൽ കൗൺസിൽ ഫോർ വോക്കേഷണൽ ട്രെയിനിംഗ്, നാഷണൽ സ്കിൽ ഡവലപമെന്റ് കൗൺസിൽ, സെക്ടർ സ്കിൽ കൗൺസിൽ, ഗ്രാഫിക് & വെബ് ഡിസൈനിംഗ്, സി.എൻ.സി.ഓപ്പറേറ്റർ, മെഷീൻ ടെക്നീഷ്യൻ, എണ്ണകമ്പനികളിലും റിഗ്ഗുകളിലും ആവശ്യമുള്ള സാങ്കേതിക പരിശീലനം, റ്റിങ്കറിംഗ് & പെയിന്റിംഗ്, ജനറൽ നഴ്സിംഗ്, നഴ്സുമാരുടെ കരിയർ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം, ജെറിയാട്രിക് അസിസ്റ്റൻറ്, ഫാർമസി അസിസ്റ്റന്റ്, ഫുഡ് & ബിവറേജസ്, ഫ്രണ്ട് ഓഫീസ് അസോസിയേറ്റ്, ഹൗസ് കീപ്പിംഗ്, സ്പാതെറാപ്പി, പ്ലാസ്റ്റിക്ക് നിർമ്മാണവും ക്വാളിറ്റി കൺട്രോൾ മോഡേൺ ഇലക്ട്രീഷ്യൻ & പ്ലംബിംഗ്, മോഡേൺ മെയ്സൺറി & ടൈൽ ഫിറ്റിംഗ്, ജൈവ കൃഷി, ഫാഷൻ ടെക്നോളജി എന്നിങ്ങനെ 26 ട്രേയ്ഡുകളിലായി വൈവിധ്യമാർന്നതും തൊഴിൽ സാധ്യതയുള്ളതുമായിട്ടുള്ള മേഖലകളിൽ ആധുനികവും അന്തർദേശീയ നിലവാരമുള്ളതുമായ പരിശീലന നൽകി പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. |
| (ഇ) | ഇത്തരത്തിൽ നൈപുണ്യവികസനം ഉറപ്പ് വരുത്തുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് നൈപുണ്യ വികസനം ഉറപ്പ് വരുത്തുന്നതിന് താഴെ പറയുന്ന പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br>1) അഭ്യസ്ഥവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സീ-ഡിറ്റ്, സൈബർശ്രീ, Digseotech, incaetek എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു.<br>2) പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ് പരിശീലനം, ഓട്ടോമൊബൈൽ എൻജിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോഡയഗണോസിസ് ആന്റ് റിപ്പയർ പരിശീലനം, |

| | | | |
|---|---|---|---|
| | | | ടിൻകറിംഗ് ആന്റ് പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, എയർ കണ്ടീഷൻ ടെക്നീഷ്യൻ, കമ്പ്യൂട്ടിംഗ് ആന്റ് പെരിഫെറൽസ് ടെക്നീഷ്യൻ, സിസിടിവി ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പ് വരുത്തി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.<br>3) പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, Food Production Course, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യതയുള്ള NEP/ FNEP/ IELTS, ANEP, OET പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു.<br>4) പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിൻറിംഗ് ആന്റ് ഗ്ലാസ്ആർട്ട് പരിശീലനം, ആയുർവ്വേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആൻറ് വെബ് ഡിസൈനിംഗ് കോഴ്സ്, Travel & Tourism Course, Spa therapy course, Geraitric Assistant, Airline Customer Service, Security guard, Fashion Designing Course എന്നിങ്ങനെ വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>5) നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടിക ജാതിയുവതീയുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15000/- രൂപ പ്രതിമാസം ഓണറേറിയവും, 1500/- രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനോടകം 7159 പട്ടികജാതി യുവാക്കൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു. ഇവർക്ക് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്ന നടപടി സ്വീകരിച്ചു വരികയാണ്. 5431 പട്ടികവർഗ്ഗയുവാക്കൾക്ക് പരിശീലനം നൽകുവാൻ നടപടി സ്വീകരിച്ചു. ഇതിൽ 1725 പട്ടികവർഗ്ഗയുവതീയുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഇറാം |

| | | | |
|---|---|---|---|
| | | | ടെക്നോളജീസ് എന്ന സ്വകാര്യ സ്ഥാപനം മുഖേന ടിഗ് & ആർക്ക് വെൽഡിംഗ് കോഴ്സ് കഴിഞ്ഞ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ 8 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെൻറ് നേടുവാൻ കഴിഞ്ഞു.<br>**കരിയർ ഗൈഡൻസ് ജോബ് ഫെയർ:** 2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു.<br>**അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:** 2018-19-ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**